
## കരിയാട് നമ്പ്യാർസ് ഹയർ സെക്കൻഡറി സ്കൂൾ


# ധ്വനി



# OUR SCHOOL



# FOUNDER OF OUR SCHOOL



# OUR HEAD MISTRESS



രജനി എസ് ആർ

# OUR MANAGER



സുധ പി ടി

# സമർപ്പണം

ഏതൊരു സൃഷ്ടിയുടെയും പിറകിൽ ഒരു പാട് പേരുടെ അധ്വാനവും ക്ഷമയും പരിശ്രമവും ഉണ്ടാകും. തീരദേശ മേഖലയിലെ വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളും കോവിഡ് എന്ന മഹാമാരിയുടെ അതി തീവ്രമായ വ്യാപന സമയത്തും അവരുടെ സമയം ശരിയായ രീതിയിൽ ചെലവഴിച്ചു.വിദ്യാലയത്തിന് അവധിയായതുകൊണ്ട് അവർക്ക് പഠിക്കാനും കൂട്ടുകാരുമായി സൗഹൃദം പങ്കിട്ട് രസിക്കാനുള്ള അവസരം നഷ്ടപ്പെട്ടു. ഏതൊരാളുടെയും വിദ്യാഭ്യാസ കാലഘട്ടം അവരുടെ ജീവിതത്തിലെ വസന്തകാലമാണ്. ഓൺലൈൻ ക്ലാസ്സുകൾ കഴിഞ്ഞാൽ, അവർ അവരിലെ സർഗ്ഗാത്മക കഴിവുകൾ കവിത, കഥ, ചിത്രരചന എന്നിവയിലൂടെ അർത്ഥമു ളളതാക്കി.അവർക്ക് എപ്പോഴും താങ്ങും തണലും, മാർഗ്ഗദർശികളായി അധ്യാപകരും. എല്ലാവരുടെയും ആത്മാർത്ഥപ്രവർത്തനത്തിന്റെ സാക്ഷാത്ക്കാരമാണ് ഈ ഡിജിററൽ മാസിക .ഈ മാസിക എല്ലാവർക്കും ഇഷ്ടപ്പെടും എന്ന് ഞങ്ങൾക്ക് വിശ്വാസമുണ്ട്.

വളരെ വിനയത്തോടെ ഏവർക്കുമായി ഈ ഡിജിറ്റൽ മാസിക സമർപ്പിക്കുന്നു.


# എഡിറ്റോറിയൽ ബോർഡ്
# അംഗങ്ങൾ

ചീഫ് എഡിറ്റർ



രജനി എസ്. ആർ

സ്റ്റാഫ് എഡിറ്റർ



ദീപിക. കെ

സ്റ്റുഡന്റ് എഡിറ്റർ



ശ്രീയുക്ത. പി



രജിൽ. കെ



അനൂപ് കുമാർ എം



അശ്വതി



നിവേദ് എം. എൻ



ലെന രാജേഷ്



വൈഗ. പി

# ഉള്ളടക്കം


| | |
|---|---|
| മുഖമൊഴി -സ്റ്റുഡന്റ് എഡിറ്റർ | -8 |
| സ്റ്റാഫ് എഡിറ്റർ കുറിപ്പ് | -9 |
| രചന - കുട്ടികൾ | -10 |
| രചന കുട്ടികൾ - ചിത്രങ്ങൾ | -11-12 |
| രചന കുട്ടികൾ | -13-17 |
| ലിറ്റിൽ kite ഗ്രൂപ്പ് ഫോട്ടോ | -18 |
| ചിത്രങ്ങൾ | -19 |
| Littlekite യൂണിഫോം വിതരണ ചടങ്ങ് | -20 |

# മുഖമൊഴി

കൂട്ടുകാർക്ക്.....................

ഓർമ്മകളിലേക്ക് തുറക്കുന്ന ചില ജാലക കാഴ്ചകൾ ആണിത്. മഴ നനഞ്ഞ ഒരു പകൽ സമ്മാനിച്ച അവ്യക്തതകളിൽ നിന്ന്, ആകാശ നീലിമ തേടിപ്പോയ ചില അന്വേഷണക്കുറിപ്പുകൾ ഒപ്പം....

അവശേഷിച്ച ജീവൻ തുടിക്കുന്ന പ്രതിഭകൾ അസ്തമിക്കാത്ത, ഇത്തിരി വെട്ടം കാണുന്ന ചിന്താധാരകൾ.... അവകാശവാദങ്ങൾ ഒന്നുമില്ല ഒരുമിച്ച് ചൊല്ലിയ പ്രാർത്ഥനകളുടെ പങ്കിട്ട സൗഹൃദങ്ങളുടെ, ഒരുമിച്ച് ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ ഈ ഹൃദയ രേഖകൾ സവിനയം സമർപ്പിക്കുന്നു

സ്നേഹപൂർവ്വം

ശ്രീയുക്ത. പി

സ്റ്റുഡന്റ് എഡിറ്റർ

# സ്റ്റാഫ് എഡിറ്ററുടെ കുറിപ്പ്

ചരിത്രം ഒരിക്കലും തിരുത്തപ്പെടാൻ ഉള്ളതല്ല. രേഖ പെടുത്തപ്പെട്ടവയാണ്. പോയ കാലങ്ങളെ കുറിച്ച് നാളെയുടെ ലോകത്തിന് പ്രദർശിപ്പിക്കുമ്പോൾ ആണ് അഭിമാനവും അമ്പരപ്പും പ്രകടമാകുന്നത്. ആ താളുകൾ മറച്ചു നോക്കുമ്പോൾ അണിഞ്ഞ പൊൻ കിരീടവുമായി ശിരസ്സ് ഉയർത്തി കുഞ്ഞുങ്ങളെ.... സ്കൂൾ ജീവിതത്തിലെ നിറമണിഞ്ഞ ദിനങ്ങളെ വരികളിലൂടെയും വരകളിലൂടെയും നിങ്ങൾ മുദ്രിതമാക്കി.... ഭരണചിറകുള്ള പട്ടങ്ങളായി നാളെയുടെ നീലവാനിൽ പാറിക്കളിക്കുവാൻ ഏവർക്കും കഴിയട്ടെ..

സാങ്കേതിക വിദ്യയുടെ നെറുകയിൽ എത്തിച്ചേർന്ന ഈ കാലഘട്ടത്തിൽ e- മാഗസിൻ ഒരു കാലഘട്ടത്തിന്റെ അനിവാര്യതയുടെ സാക്ഷ്യപത്രം ആകുമെന്ന് ഉറച്ച വിശ്വാസത്തോടെ നിങ്ങൾക്കായ് സമർപ്പിച്ചുകൊണ്ട്.

ആശംസകളോടെ

ദീപിക. കെ

***Nature***

Nature, Nature, Nature
Our Beautiful Nature
With Green trees ,
And buzzing bees
It gives us everything
Without expecting anything
Nature is full of joy
Please don't think it a toy

***Sreenanda M***

# കാത്തിരിപ്പ്



ഉമ്മറത്തിണ്ണയിൽ നീ വരുന്നതു കാത്തു ഞാൻ നിന്നു
എന്താ  നീയിങ്ങു  വരാത്തത്
നിന്നെ കത്തിരുന്നു കത്തിരുന്നു  വർഷങ്ങൾ
പോയതറിയാതെ  ഞാൻ നിന്നു
കാത്തിരിപ്പെന്ന ദുഃഖം പേറി  ഞാൻ നിന്നീടുന്നു
കാലമേ നീ സാക്ഷി


.

**Hridya Ramesh**

. **8c**



ദേവി ചന്ദന 8A





തന്മയ് എസ് പവിത്രൻ





വേദ ലക്ഷ്മ◌ി 8B

# മഴവില്ല്



**ശ്രീയുക്ത. പി**

പ്രകൃതി സൃഷ്ടിക്കുന്ന ഏറ്റവും മനോഹരമായ ദൃശ്യങ്ങളിൽ ഒന്നാണ്.ഏഴു വർണ്ണങ്ങൾ ചാലിച്ച ഈ ദൃശ്യ വരുന്നൊരിക്കൽ പ്രകൃതിക്ക് എങ്ങനെ സാധിക്കുന്നു? ലോകമെമ്പാടുമുള്ള പല സംസ്കാരങ്ങൾക്കും മഴവില്ലിനെ കുറിച്ച് ഒരു മിദ്യ ഉണ്ട്. എന്തെന്നാൽ ഏറ്റവും പ്രസക്തമായ മഴവിൽ മിത് അയർലൻഡിൽ നിന്നാണ്.

ഐറിഷ് ഐതിഹ്യം അനുസരിച്ച് മഴവില്ലിന്റെ അറ്റത്ത് ഒരു പാത്രം സ്വർണ്ണമുണ്ട്. പക്ഷേ അത് സംരക്ഷിക്കുന്നത് തന്ത്രശാലിയായ പുരാണ ജീവിയാണ്. നാം എപ്പോഴെങ്കിലും മഴവില്ലിന്റെ അറ്റം കണ്ടെത്തി ആ സ്വർണം പാത്രം പിടിക്കുമെന്ന് ചിന്തിക്കാറുണ്ടോ? ചന്ദ്രനും മഴവിലുകളെ സൃഷ്ടിക്കാൻ കഴിയും. അവയെ ചന്ദ്രകലകൾ എന്ന് വിളിക്കുന്നു.

പ്രണയം മഴവില്ല് പോലെയാണ്. പ്രണയത്തെക്കുറിച്ചുള്ള ഹൃദയസ്പർശിയായ ആന്തോളജി. വ്യത്യസ്ത ഹൃദയങ്ങളിൽ നിന്നും മനസ്സുകളിൽ നിന്നും ഉള്ള ധാരണയിലൂടെ അത് വൈവിധ്യത്തിന്റെ നിറം പ്രകടിപ്പിക്കുന്നു.

അങ്ങനെ അനവധി മിത്തുകൾ ആയും ഐതിഹ്യങ്ങളായും വിശ്വാസങ്ങളായും മഴവില്ല് നീളുന്നു. എന്നാൽ സാങ്കേതികമായി നോക്കിയാൽ അന്തരീക്ഷത്തിലെ ജല കണികകളിൽ പതിക്കുന്ന പ്രകാശത്തിന് പ്രകീർണ്ണnamസംഭവിക്കുന്നത് പ്രകീർണനം സംഭവിക്കുന്ന മൂലം കാണാൻ കഴിയുന്ന ഒരു പ്രതിഭാസമാണ് മഴവില്ല്. അതിനെയാണ് നാം പല പല വ്യാഖ്യാനങ്ങൾ നൽകി വിവരിക്കുന്നത്. എന്തിരുന്നാലും മഴവില്ലിന്റെ അറ്റത്തുള്ള സ്വർണ്ണ പാത്രം കൈക്കലാക്കാൻ ഇത് വായിച്ചിട്ട് ആർക്കെങ്കിലും തോന്നാതിരിക്കുമോ!



# പ്ലാസ്റ്റിക് വിമുക്ത ഭൂമി

വൈഗ. പി

പ്ലാസ്റ്റിക് മലിനീകരണം ഈ കാലഘട്ടത്തിലെ വളരെ വലിയ ഒരു പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ കാലത്ത് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഒരു വസ്തുവായി പ്ലാസ്റ്റിക് മാറിയിരിക്കുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഇത്രയധികം വർദ്ധിക്കാൻ കാരണം അത് വളരെ വില കുറഞ്ഞു ലഭിക്കുന്നു എന്നതുകൊണ്ടാണ്. ഉപയോഗിച്ച ശേഷം വലിച്ചെറിയുന്ന സാധനങ്ങളിൽ മാലിന്യത്തിന് കാരണമാകുന്ന ഒരു പ്രധാന സാധനം എന്നത്

പ്ലാസ്റ്റിക് തന്നെയാണ്. ഭാരക്കുറവും ഉപയോഗിക്കാനുള്ള സൗകര്യവും എല്ലാം പ്ലാസ്റ്റിക്കിനെ ജനപ്രിയനാക്കി. ശുദ്ധമായ രീതിയിൽ പ്ലാസ്റ്റിക്കുകൾ വിഷ വസ്തുക്കളെ ഉണ്ടാകുന്നില്ല. എന്നാൽ അത് ചൂടാക്കുമ്പോൾ പ്ലാസ്റ്റിക്കിലെ രാസവസ്തുക്കൾ ഭക്ഷണസാധനങ്ങളിൽ എത്താൻ സാധ്യതയുണ്ട്. അതുകൊണ്ട് ചൂടുള്ള ഭക്ഷണസാധനങ്ങൾ ഒരിക്കലും പ്ലാസ്റ്റിക് കൊണ്ടുള്ള പാത്രങ്ങളിൽ വയ്ക്കരുത്. അതുപോലെ തന്നെ തുറന്ന പ്രദേശങ്ങളിൽ പ്ലാസ്റ്റിക് കത്തിക്കുമ്പോഴുള്ള ധാരാളം വിഷ വസ്തുക്കൾ ഉണ്ടാവുന്നു. അതുകൊണ്ട് പ്ലാസ്റ്റിക് കത്തിക്കുന്നത് നാം ഒഴിവാക്കണം. ശ്വാസകോശ രോഗങ്ങൾ, ക്യാൻസർ തുടങ്ങി പല രോഗങ്ങളും ഈ പ്ലാസ്റ്റിക് കത്തിക്കുന്നതിലൂടെ ഉണ്ടാവുന്നു. പ്ലാസ്റ്റിക് നമ്മുടെ ജലത്തിന്റെ പല ഉറവിടങ്ങളും മലിനമാക്കുന്നു.

ടൺ കണക്കിലെ പ്ലാസ്റ്റിക്കാണ് ഓരോ വർഷവും കടലിലേക്ക് തള്ളുന്നത്. പ്ലാസ്റ്റിക് വെള്ളത്തിൽ ലയിക്കാത്തതിനാൽ അത് ഓരോ ജലസ്രോതസ്സുകളിലും കാണാൻ കഴിയുന്നു. അതുകൊണ്ടുതന്നെ കുറച്ചുകൂടി കാലം കഴിഞ്ഞാൽ ശുദ്ധജലം ലഭിക്കാൻ വേണ്ടി വലിയ ബുദ്ധിമുട്ടായിരിക്കും. കൂടാതെ പ്ലാസ്റ്റിക് മണ്ണിലേക്ക് വലിച്ചെറിയുന്നത് പല ജീവികളെയും നശിപ്പിക്കുന്നു. ചുരുക്കത്തിൽ പറഞ്ഞാൽ പ്ലാസ്റ്റിക് മലിനീകരണം ഭൂമിയിലെ എല്ലാവരെയും ജീവിതത്തെ നശിപ്പിക്കുന്നു.

അത് തടയാൻ നമ്മൾ തന്നെ പ്രയത്നിക്കണം. ഉപയോഗം പരമാവധി കുറയ്ക്കുക, കഴിയുന്ന പോലെ പുനരുപയോഗം ചെയ്യുക. കൂടാതെ ബോധവൽക്കരണ ക്ലാസ് കൂടി നടത്താം. പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം തുണിസഞ്ചികൾ, പേപ്പർ ബാഗുകൾ എന്നിവ ഉപയോഗിക്കുക.

പ്ലാസ്റ്റിക് വാങ്ങുകയാണെങ്കിൽ അത് വീണ്ടും ഉപയോഗിക്കുക. മാലിന്യ സംഭരണത്തിനുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തണം. ഇതിലൂടെ നമുക്ക് പ്ലാസ്റ്റിക് കൊണ്ടുണ്ടാകുന്ന ആപത്തുകൾ കുറയ്ക്കാൻ കഴിയും.

അടുത്ത തവണ പ്ലാസ്റ്റിക് വലിച്ചെറിഞ്ഞു മുൻപ് മണ്ണിനെ പറ്റിയും കടലിലൊക്കെ മത്സ്യങ്ങളെ പറ്റിയും മണ്ണിലെ ഓരോ ജീവജാലങ്ങളെ പറ്റിയും സർവോപരി നമ്മളെ പറ്റിയും ഓർക്കുക.

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിപ്ലവം ഒരുക്കുമ്പോൾ



ലെന രാജേഷ്

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വിപ്ലവങ്ങൾക്ക് ഊർജ്ജമാക്കുന്ന ഇന്ധനം ഏതെന്ന് ചോദിച്ചാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നായിരിക്കും മറുപടി. അത്രയേറെ ശക്തമായ ചലനങ്ങൾ ആവും സമീപഭാവിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് നമ്മുടെ സമൂഹത്തിൽ സൃഷ്ടിക്കുക.

ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, ചെറുകിട വിൽപ്പന, ബാങ്കിങ് എന്ന് വേണ്ട എല്ലാ മേഖലകളിലും നാം ചിന്തിക്കുന്നതിനും വിപുലമായ തോതിലായിരിക്കും ഇതിന്റെ സ്വാധീനം. ഇത് അടക്കമുള്ള പല മേഖലകളിലും ആർട്ടിഫിഷൽ ഇന്റലിജൻസ് ഇതിനകം തന്നെ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിലെ പ്രധാന ഗ്രന്ഥങ്ങൾ നിർവചിക്കുന്ന ഒരു അനുസരിച്ച് നിർമ്മിത ബുദ്ധി എന്നാൽ " വിവേകമുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുവാൻ വേണ്ടിയുള്ള പഠന പ്രവർത്തനങ്ങളും അവയുടെ രൂപകല്പനയും ".

മനുഷ്യൻ ചെയ്യുന്ന ബുദ്ധിപരമായ എല്ലാ പ്രവർത്തനങ്ങളും നടത്താൻ സാധിക്കുന്ന വിധം ആർട്ടിഫിഷൽ ജനറൽ ഇന്റലിജൻസ് ഉയർന്നു വരുന്നത് എന്തെല്ലാം പ്രശ്നങ്ങളാവും സൃഷ്ടിക്കുക?

എലോൺ മാസ്കും മാർക്ക് സക്കർബർഗ് തമ്മിലുള്ള ഡിബേറ്റയിൽ ഇതൊരു മുഖ്യ വിഷയമായിരുന്നു. സാധാരണക്കാരെ ആശങ്കപ്പെടുത്തുന്ന ചില ഘടകങ്ങളും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്മായി ബന്ധപ്പെട്ടിട്ടുണ്ട്.

ആർട്ടിഫിഷൽ ഇന്റലിജൻസ് തങ്ങളുടെ ജോലിയെ എങ്ങനെയാവും ബാധിക്കുവാ എന്നതാണ് അവരുടെ പ്രധാന ആശങ്ക. എന്നാൽ ഇതിന്റെ യഥാർത്ഥ വസ്തുക്കൾ എന്താണെന്ന് പരിശോധിച്ചാൽ ആർട്ടിഫിഷൽ ഇന്റലിജൻസ് ഗവേഷണ വികസന മേഖലയിൽ നിന്നു മുന്നേറി യഥാർത്ഥ ബിസിനസിലേക്ക് കടന്നു വരുമ്പോൾ കാണുന്നതും വ്യത്യസ്തമായ കാഴ്ചയാണ്. പുതുതലമുറ മാതൃകകൾ വികസിപ്പിച്ചും മാനവ ശേഷി കൂടുതൽ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുക എന്നതാണ് പല ആർട്ടിഫിഷൽ ഇന്റലിജൻസ് ഉപയോഗങ്ങളിലും നമുക്ക് കാണാവുന്നതാണ്.

# വെയിലിനെ തോൽപ്പിച്ച തോരാമഴ



**ആയിഷ നദ**

വേനൽ കഴിഞ്ഞിട്ട് വർഷകാലം
സന്തോഷമാനന്ദമെൻ മനസ്സിൽ
പിന്നെ അതങ്ങനെ കൂടി വന്നു
പെയ്തു പെയ്തങ്ങനെ പൊങ്ങിവന്നു
വെയിൽ ആണേൽ പോയിട്ട് വന്നുമില്ല
സങ്കടം തോന്നിയെൻ മനസ്സിൽ
വീടായ വീടെല്ലാം മുങ്ങിപ്പോയി
വെള്ളത്തിൽ പലതും ഒലിച്ചുപോയി
പെരുമഴ നിൽക്കാതെ പെയ്തപ്പോൾ
കാരണമായി പ്രളയത്തിന്
പള്ളിക്കൂടങ്ങൾ അടക്കൽ ആയി
പിന്നെ മനസ്സിൽ കടന്നുവന്നു
മഴയൊന്നു നിന്നിട്ട് വെയിലിനായി

# മാതൃസ്നേഹം



**വൈഗ ലക്ഷ്മി**

സ്നേഹ സമുദ്രമാണ് എൻറെ അമ്മ
കാരുണ്യവാരിധിയെ എന്റമ്മ
കുറ്റം ചെയ്താൽ ശാസിക്കും അമ്മ
പക്ഷേ നന്മയ്ക്ക് മാത്രം
അമ്മതൻ സ്നേഹം ദിവ്യമാണ്
അമ്മതൻ വാത്സല്യം പുണ്യമാണ

# മഴ



വൈഗ എസ് ബാബു

മേഘങ്ങളുടെ മൂടൽ പുതപ്പു പോൽ
ആകാശം
അവിടെ പ്രകൃതിയുടെ മക്കളെ പോലെ
പക്ഷികൾ പറവകൾ
മഴപെയ്താലോ
ആകാശത്തിൻ തനിമയും



# കാഴ്ചകൾ

ആരാധന

ഞാനിന്ന് വയനാട് എന്ന മനോഹരമായ സ്ഥലത്തേക്ക് പോവുകയാണ് അങ്ങോട്ടേക്ക് പോകുന്നത് എൻറെ ഒരു പഠന യാത്രയുമായി ബന്ധപ്പെട്ടതാണ് അങ്ങോട്ടേക്ക് പോകുമ്പോൾ ഞാൻ കുറെ നേരം കാഴ്ചകൾ കണ്ടിരിക്കുന്നത് താമരശ്ശേരി ചുരം _കയറുമ്പോഴാണ്_ _

എന്തുകൊണ്ട് എന്നാൽ ഇളം കാറ്റും ചെറിയ ഒരു _പാട്ടും പിന്നെ കോടയും പച്ചമലനിരകളും ആണ് കാണുന്നത് മൃഗങ്ങളെയൊക്കെ_ കാണും എന്നു കരുതിയെങ്കിലും ഭാഗ്യ വച്ചാൽ മൃഗങ്ങളെ ഒന്നും ഞാൻ കണ്ടില്ല .

അതിനുശേഷം ഞങ്ങൾ പോയത് കുറെ കുന്നും, വെള്ളച്ചാട്ടവും ഒക്കെയായ ഒരു സ്ഥലത്തേക്ക് ആയിരുന്നു ഞങ്ങൾ കയറിക്കയറി പോയപ്പോൾആക്കുന്ന ഞങ്ങൾ_ കയറി കയറി പോയപ്പോൾ ഒരു വലിയ വെള്ളച്ചാട്ടത്തിന് അരികിലെത്തി മനോഹരമായ ഒരു കാഴ്ചയായിരുന്നു ഞാൻ അവിടെ കണ്ടത് .

അവിടെയുള്ള വെള്ളത്തിന് ഒരു ചെറു തണുപ്പ് ഉണ്ടായിരുന്നു പിന്നെ കൂട്ടുകാരുമൊത്ത് ഒരു സല്ലാപം നിമിഷങ്ങൾ അന്നത്തെ ദിവസം അവിടെയുള്ള പ്രകൃതി ഭംഗി ഞാൻ നല്ലപോലെ ആസ്വദിച്ചു



**LITTLE KITES K N HSS - 2021 -2024 BATCH**






കരിയാട് നമ്പ്യാർസ്
ഹയർസെക്കണ്ടറി സ്കൂൾ
സംസ്ഥാന തലത്തിലേക്ക്
കണ്ണൂർ റവന്യു ജില്ലാ
ബാൾബാഡ്മിന്റൺ ചാമ്പ്യന്മാർ
ആയിഷ നദ
അതൃഷ
അനുദേവ് പി.
മധുപാൽ
ഫവാസ് അമൻ
ഉനൈസ്
ഒരായിരം അഭിനന്ദനങ്ങൾ
കണ്ണൂർ റവന്യു ജില്ലാ
ബാൾബാഡ്മിന്റൺ സെക്കന്റ് റണ്ണറപ്പ്
പിടിഎ,മാനേജ്മെന്റ് & സ്റ്റാഫ്


ചൊക്ലി ഉപജില്ല
കേരള സ്കൂൾ











LITTLE KITES K N HSS - INAUGURATION OF UNIFORM DISTRIBUTION



LITTLE KITES K N HSS - INAUGURATION OF UNIFORM DISTRIBUTION



LITTLE KITES K N HSS - 2022 -2025 BATCH